# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2899** **13.03.2020-ൽ മറുപടിയ്ക്ക്**

**<u>മത്സ്യവിതരണ മേഖലയിലെ ആധുനികവൽക്കരണം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>,, പി.ജെ.ജോസഫ്<br>,, സി.എഫ്.തോമസ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് എത്തുന്ന മീനുകളിലെ മായം ചേർക്കൽ തടയുവാൻ ചെക്ക് പോസ്റ്റുകളിലും ചന്തകളിലും കർശന പരിശോധന നടത്തുവാൻ ഫിഷറീസ് വകുപ്പ് തയ്യാറാകുമോയെന്ന് അറിയിക്കാമോ; | എ) രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യ വിൽപ്പന തടയുവാൻ ഫിഷറീസ് ഉദ്യോഗസ്ഥരും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾ തോറും രൂപീകരിച്ച് പരിശോധന നടത്തി വരുന്നു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംങ്ങ് സെന്ററുകൾ. ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതു മൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും, ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത് കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അന്യ സംസ്ഥാനത്ത് നിന്ന് കൊണ്ടു വരുന്ന മത്സ്യം ചെക്ക് പോസ്റ്റുകൾ, മത്സ്യ ലേല മാർക്കറ്റുകൾ , റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധന യിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. ഇതു കൂടാതെ വിവിധ ഹാർബറുകളിൽ നിന്നും മത്സ്യമാർക്കറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനകളും നടത്തി വരുന്നു. അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ CIFT വികസിപ്പി ച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യയും |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തി വരുന്നു. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപ്പന ഉറപ്പുവരുത്തുവാൻ കഴിയുന്ന വിധത്തിൽ നിയമ നിർമ്മാണവും സർക്കാർ പരിഗണനയിലാണ് |
| ബി) | മത്സ്യമാർക്കറ്റുകളെ ആധുനിക വൽക്കരിക്കുന്നതിനും സംസ്ഥാനത്തെ മീൻപിടിത്തക്കാർ കൊണ്ടുവരുന്ന മീനുകൾ കേട്ടുകൂടാതെ സൂക്ഷിക്കുന്ന തിനും ആവശ്യമായ സജ്ജീകരണങ്ങൾ തയ്യാറാക്കുമോ; | ബി) | സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനിക വൽക്കരിക്കുന്നതിനും ഉപഭോക്താക്കൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിൽ ശുദ്ധമായ മത്സ്യം ലഭ്യമാക്കുന്നതിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്ന പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം വിപണന സ്റ്റാളുകൾ, ഓരോ സ്റ്റാളിലും മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനും ഡിസ്പ്ലേ ചെയ്യുന്നതിനുമുള്ള സ്ലാബുകൾ, മീൻപിടിത്തക്കാർ കൊണ്ടുവരുന്ന മീനുകൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ ചിൽ റൂം/ഫ്രീസർ സംവിധാനം, മലിനജല സംസ്കരണ യൂണിറ്റ്, ടോയ്‌ലറ്റ് സംവിധാനം എന്നിവ സജ്ജമാക്കി വരുന്നു.<br>ഇതിനോടകം തന്നെ സംസ്ഥാനത്തെ 36 മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഇത്തരത്തിൽ ആധുനികവൽക്കരിച്ചിട്ടുണ്ട്. മറ്റ് 2 മത്സ്യമാർക്കറ്റുകൾ പൂർത്തീകരണഘട്ടത്തിലും ഒരെണ്ണം പുരോഗമിച്ചു വരുകയും ചെയ്യുന്നു.<br>കൂടാതെ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ തീരദേശ മേഖലയിലെ 65 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനായി 193.46 കോടി രൂപയുടെ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതു കൂടാതെ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ട് ട്രാഞ്ചേ 25 ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കണ്ണനല്ലൂർ മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി 502.00 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. |
| സി) | സംസ്ഥാനത്തെ പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്കും മത്സ്യ വിതരണ ക്കാർക്കും മത്സ്യം കേട്ടുകൂടാതെ എത്തി ക്കുന്നതിന് എന്തെല്ലാം സംവിധാന ങ്ങളാണ് നൽകുന്നത് എന്ന് അറിയിക്കാമോ? | സി) | സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്കും മത്സ്യവിതരണക്കാർക്കും മത്സ്യം കേട്ടുകൂടാതെ എത്തിക്കുവാൻ പഞ്ചായത്ത് തലത്തിൽ ഐസ് ബോക്സ് വിതരണം, മത്സ്യവിതരണത്തിനുള്ള വാഹനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ കേരള സംസ്ഥാന |

തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്ഥാപിച്ചു വരുന്ന ഓരോ മത്സ്യമാർക്കറ്റിലും ഫിഷ് ലാന്റിംഗ് സെന്ററുകളും മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ ചിൽ റൂം/ഫ്രീസർ സംവിധാനം ഒരുക്കിവരുന്നു. ഹാർബറിൽ നിന്ന് പച്ചയായ മത്സ്യം നേരിട്ട് ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനായി മത്സ്യഫെഡ് മുഖേന തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി 5 മൊബൈൽ യൂണിറ്റുകൾ (അന്തിപ്പച്ച) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഗുണമേന്മയുള്ള മത്സ്യം വിൽപ്പനയ്ക്കായി സംസ്ഥാനത്ത് മൊത്തം 41 ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്.

**സെക്ഷൻ ആഫീസർ**